

# മനസ്സിൽ പാലാഴി മഥനം

വാസുദേവ് പുളിക്കൽ

മനസ്സിൻെറ പാലാഴി മഥനം ചെയ്തപ്പോൾ
കടക്കോലിൻ കട കൈവിട്ടുപോയി

ബുദ്ധിയുടെ കൂർമ്മപുറം ചൊറിഞ്ഞപ്പോൾ
കടക്കോൽ കട കയ്യിൽ കിട്ടി

നന്മയുടെ അമൃതകുംഭം കയ്യെത്തും ദൂരത്തിൽ
തിന്മയുടെ കാളകൂടം തൊട്ടരികിൽ

കടയുന്തോറും വിഷം തുപ്പുന്ന കടക്കോൽ
വിടുന്നതെങ്ങനെ, വിടാഞ്ഞാൽ എങ്ങനെ?

അധികമായാൽ അമൃതവും വിഷമാകുന്ന പ്രതിസന്ധിയിൽ
വിഷം പേറി രക്ഷ നൽകുന്ന ദേവ കണ്ഠം

മനസ്സിൻെറ ആന്ദോളനങ്ങളിൽ മഥനം നിരന്തരം
ജാഗരൂകരായ് കൈകൾ കടക്കോൽ പിടിക്കുന്നു.

സർപ്പതൽപ്പത്തിൽ നിരാമയനാം ദേവൻ തൻെറ
പൂമെത്ത നിവർത്തുമ്പോൾ തിരകൾ പിണങ്ങുന്നു

തിരയിൽ തത്തിക്കളിച്ചിളകും സുധാ കുംഭം
ദൂരത്തൊരു മിന്നായം പോലെ മിന്നി ചിമ്മുന്നു.

ആസുര വംശത്തിൻെറ സന്തതി പരമ്പര കുംഭം തട്ടാൻ
പാപ പങ്കായം വീശി തക്കം പാർത്തിരിക്കുന്നു

മോഹിനിമാരെ ആശ്രയിക്കേണ്ടി വരുന്ന പുരുഷ ദൗർബ്ബല്യം
ദേവ മനസ്സുകളിൽ പതയുന്ന കാമത്തിൻെറ നുരകൾ

ജീവിതം ഒരർണ്ണവം, തീരം കാണാത്ത കടൽ
മർത്യരോ ദുഃഖത്തിൻെറ കടക്കോലിൽ തൂങ്ങുന്നോർ

അഗസ്ത്യനെപോലെ പാഥോതി പാനം ചെയ്യാനശക്തർ
പാവം മനുഷ്യർ പാഥോതി മഥനം ചെയ്യുന്നു.

മർത്യജീവിത നൗകകൾ അലയും തിരകളിൽ
തത്തിക്കളിക്കുമാ അമൃതകുംഭം തന്നെ ദിവ്യ ദർശനം

പാലാഴി മഥനത്തിലെ കാളകൂടം പോൽ
മനസ്സിലും തിന്മതൻ വേലിയേറ്റം

വഴിമാറി ഒഴുകിയൊഴുകി അപ്രത്യക്ഷമാകുന്നു നന്മ,
രക്ഷക്കായ് എത്തുമോ മറ്റൊരു മഹാദേവൻ?

***************************